
# അദ്ധ്യായം - 46



**ബാബയുടെ ഗയായാത്ര – ആടുകളുടെ കഥ**

ഈ അദ്ധ്യായം ശാമയുടെ കാശി, പ്രയാഗ്, ഗയ മുതലായ സ്ഥലങ്ങളിലെ തീർത്ഥയാത്രയും ബാബ തന്റെ ചിത്രരൂപത്തിൽ അയാൾക്കു മുന്നെ അവിടെ എത്തിയതും, രണ്ട് ആടുകളുടെ മുജ്ജന്മത്തെപറ്റി ബാബക്കുള്ള ഓർമ്മകളും വിവരിക്കുന്നു.

## മുഖവുര

ഹേ സായിനാഥ ! അവിടുത്തെ പാദങ്ങൾ അനുഗ്രഹീതങ്ങളാണ്. അവിടുത്തെ സ്മരണകളും ഞങ്ങളെ കർമ്മബന്ധങ്ങളിൽ നിന്ന് മുക്തരാക്കുന്ന ദർശനവും അനുഗ്രഹീതങ്ങളാണ്. അവിടുത്തെ രൂപം ഞങ്ങൾക്കിപ്പോൾ കാണാൻ കഴിയുന്നില്ലെങ്കിലും ഭക്തന്മാർ അങ്ങയിൽ വിശ്വസിച്ചാൽ അവിടുന്ന് ജീവിച്ചിരിക്കുമ്പോഴത്തെ എന്നപോലുള്ള അനുഭവങ്ങൾ കൊടുക്കുന്നു. അദൃശ്യവും സൂക്ഷ്മവുമായ ഒരു നൂൽ ചരട്കൊണ്ട് അവിടുന്ന് അടുത്തുനിന്നും അകലെനിന്നും ഭക്തന്മാരെ അങ്ങയിലേ

ക്കാകർഷിച്ച് അവരെ പുത്രവത്സലയായ ഒരു മാതാവിനെപോലെ അവിടുന്ന് ആശ്ലേഷിക്കുന്നു. ഭക്തന്മാർക്ക് അവിടുന്ന് എവിടെ യാണെന്നറിയുന്നില്ല. പക്ഷെ അവിടുന്ന് സമർത്ഥമായി ചരടു പിടിച്ച് നിയന്ത്രണം ചെയ്യുന്നതുകൊണ്ട് ഭക്തന്മാർക്ക് അവിടുന്ന് അവരുടെ പിന്നിൽ രക്ഷിതാവായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നു. ബുദ്ധിമാന്മാരും പണ്ഡിതന്മാരും അഹംഭാവം കൊണ്ട് സംസാ രസർഗ്ഗത്തിൽ വീണു പോകുമ്പോൾ അവിടുന്ന് അവിടുത്തെ ശക്തിയാൽ അശരണരും പാമരരും ഭക്തരുമായ വിനീതരെ സംര ക്ഷിക്കുന്നു. അതൃശ്യമായും ആന്തരീകമായും അവിടുന്ന് എല്ലാ കളികളും കളിക്കുന്നു. എങ്കിലും അതിലൊന്നും തല്പരന ല്ലെന്നും കാണിക്കുന്നു. അവിടുന്ന് കർമ്മം ചെയ്യുന്നില്ലെങ്കിലും കർമ്മിയാണെന്ന് ഭാവിക്കുന്നു. ആർക്കും അവിടുത്തെ ജീവി തത്തെ മനസ്സിലാവുന്നില്ല. അതുകൊണ്ട് ഞങ്ങൾക്ക് ഏറ്റവും നല്ല വഴി മനോവാഗ്ദേഹങ്ങളെ അവിടുത്തെ പാദത്തിലർപ്പിച്ച് പാപനാശനാർത്ഥം അവിടുത്തെ തിരുനാമം ഉരുവിടലാണ്. അവി ടുന്ന് ഭക്തന്മാരുടെ ആഗ്രഹങ്ങൾ സാധിപ്പിച്ചുകൊടുക്കുന്നു. ആഗ്രഹമില്ലാത്തവർക്ക് പരമാനന്ദം പ്രദാനം ചെയ്യുന്നു. അവി ടുത്തെ മധുര നാമങ്ങൾ ഉരുക്കഴിക്കലാണ് ഭക്തന്മാർക്ക് ഏറ്റവും ലളിതമായ സാധനകൊണ്ട് ഞങ്ങളുടെ പാപങ്ങളും രജസ്ത മോഗുണങ്ങളും ഇല്ലാതാവുന്നു. അങ്ങനെ സത്വഗുണവും സത്യ ബോധവും മുൻകൈയ്യെടുത്ത് വിവേകവും നിസ്സംഗത്വവും ജ്ഞാനവും വളർത്തിയെടുക്കുന്നു. അപ്പോൾ ഞങ്ങൾ ആത്മ നിലും ഗുരുവിലും വ്യാപൃതരാവുന്നു. ഇതാണ് ഗുരുവിന്നുള്ള സർവാർപ്പണം എന്നുപറയുന്നത്. ഇതിന്റെ വ്യക്തമായ അടയാളം മനസ്സിന് ശാന്തിയും സമാധാനവും കൈവരലാണ്. ഈ സമർപ്പ ണത്തിന്റെ മാഹാത്മ്യവും ഭക്തിയും ജ്ഞാനവും അപാരമാണ്. കാരണം അതിന്റെ പിന്നാലെ വരിവരി യായി സമാധാനം, നിസ്സം

ഗഭാവം, കീർത്തി, മുക്തി എന്നിവ വന്നുകൊണ്ടിരിക്കുന്നു.

സായിബാബ ഒരു ഭക്തനെ അംഗീകരിച്ചാൽ ബാബ അവനെ വിടാതെ പിന്തുടരുന്നു. രാപ്പകൽ വീട്ടിലായാലും വിദേശത്തായാലും സദാ കൂടെ നിൽക്കുന്നു. ഭക്തൻ എവിടെ വേണമെങ്കിലും പൊയ്ക്കൊള്ളട്ടെ, ബാബാ അയാൾക്ക് മുന്നിൽ ഏതെങ്കിലും അനിർവർണ്ണനീയമായ രൂപത്തിൽ എത്തും. താഴെ പറയുന്ന കഥ അതു തെളിയിക്കുന്നു.

**ഗയാ യാത്ര**

കാക്കാസാഹെബ് ദീക്ഷിതിനെ ബാബക്ക് പരിചയപ്പെട്ട് അധികം കഴിയുന്നതിന് മുമ്പ് അയാളുടെ മകൻ ബാബുവിന്റെ ഉപനയനം നാഗ്പൂരിൽവെച്ച് കഴിക്കാൻ നിശ്ചയിച്ചിരുന്നു. ഏകദേശം അതേ സമയത്തുതന്നെ നാനാസാഹെബ് ചന്ദോർക്കറും അയാളുടെ മൂത്തമകന്റെ വിവാഹം ഗ്വാളിയോറിൽവെച്ചും നടത്താൻ നിശ്ചയിച്ചു. ദീക്ഷിത്തും ചന്ദോർക്കറും ഷിർദ്ദിയിൽ വന്ന് സ്നേഹപൂർവ്വം ബാബയോട് ഈ അടിയന്തരിങ്ങളിൽ സംബന്ധിക്കാനപേക്ഷിച്ചു. ബാബ തന്റെ പ്രതിപുരുഷനായി ശാമയെ കൊണ്ടുപൊയ്ക്കൊളാൻ പറഞ്ഞു. അവർ നിർബന്ധിച്ചപ്പോൾ ശാമയെ കൂട്ടിയാൽ മതിയെന്നും കാശിയും പ്രയാഗും കഴിയുമ്പോഴേക്കും താൻ ശാമയുടെ മുന്നിൽ എത്തിച്ചേരുമെന്നും പറഞ്ഞു. ഈ വാക്കുകൾ ശ്രദ്ധിക്കു. അവ ബാബയുടെ സർവവ്യാപിത്വം വ്യക്തമാക്കുന്നു.

ബാബയുടെ അനുവാദം വാങ്ങി ശാമ, നാഗ്പൂരിലും ഗ്വാളിയോറിലും പോവാനും പിന്നീട് കാശി, പ്രയാഗ്, ഗയ ഇവിടങ്ങളിൽ പോവാനും നിശ്ചയിച്ചു. അപ്പാക്കോട്ടെയും അയാളെ

അനുഗമിക്കാൻ തീരുമാനിച്ചു. അവർ രണ്ടുപേരും ആദ്യം നാഗ്പൂരിലേക്ക് ഉപനയത്തിന് പോയി. കാക്കാ സാഹെബ് ദീക്ഷിത് ശാമക്ക് 200ക. ചിലവിന്ന് കൊടുത്തു. പിന്നീടവർഗ്വാ ളിയോറിൽ കല്യാണത്തിന് പോയി. അവിടെവെച്ച് നാനാസാ ഹെബ് ചന്ദോർക്കർ 100ക. യും അയാളുടെ ബന്ധുജാതർ100ക, യും കൊടുത്തു. പിന്നീട് അയാൾ കാശിയിലും അയോദ്ധ്യയിലും പോയി. കാശിയിൽ ജാതരുടെ ലക്ഷ്മീനാരായണക്ഷേത്രത്തിലും അയോദ്ധ്യയിൽ ജാതരുടെ രാമമന്ദിരത്തിലും. ജാതരുടെ മാനേ ജർ അയാൾക്ക് നല്ല സ്വീകരണം നൽകി. അവർ അയോദ്ധ്യ യിൽ 21 ദിവസവും കാശിയിൽ 2 മാസവും താമസിച്ചു. പിന്നീ ടവർ ഗയയിലേക്കു പുറപ്പെട്ടു. വണ്ടിയിൽ വെച്ച് ഗയയിൽ പ്ലേഗു ബാധയുണ്ടെന്ന് കേട്ടു കുറച്ചു അസ്വസ്ഥരായി. രാത്രി ഗയയിലി റങ്ങി ധർമ്മശാലയിൽ താമസിച്ചു. രാവിലെ ഗയാവാല (തീർത്ഥാ ടകർക്ക് സൗകര്യം ചെയ്യുന്ന പുരോഹിതൻ) വന്ന് "തീർത്ഥാട കരെല്ലാം പുറപ്പെട്ടു. നിങ്ങൾ വേഗം വരിൻ" എന്നു പറഞ്ഞു. ശാമ അയാളോട് ഗയയിൽ പ്ലേഗ് ഉണ്ടോ എന്നു ചോദിച്ചു. ഇല്ലെന്ന് ഗയാവാല പറഞ്ഞു. "ഒന്നും പേടിക്കാതെ വന്നാലും എല്ലാം നിങ്ങൾക്കുതന്നെ കാണാം എന്നും പറഞ്ഞു. അങ്ങനെ എല്ലാംവരും കൂടി പോയി ഗയാവാലയുടെ വിശാല മായ സത്രം പോലുള്ള വീട്ടിൽ താമസിച്ചു. ശാമക്ക് കിട്ടിയ മുറിയിലെ സൗക ര്യങ്ങളിലും മുന്നിലെ പൂമുഖത്ത് ചുമരിൽ തൂക്കിയ ബാബയുടെ വലിയ ചിത്രം കണ്ടിട്ടും ശാമക്ക് വളരെ സന്തോഷമായി. ബാബ പറഞ്ഞത് അയാളോർത്തു. "കാശിയും പ്രയാഗും കഴിഞ്ഞാൽ ഞാൻ ശാമയുടെ മുന്നിലെത്തും". ഇതോർത്ത് അയാൾ കണ്ണീർ പൊഴിച്ചു. രോമർഹഷമുണ്ടായി. തൊണ്ടയിടറി അയാൾ കരയാൻ തുടങ്ങി. ഗായാവാല ഇയാൾ പ്ലേഗു പേടിച്ചാണ് കരയുന്നതെ ന്നാണ് കരുതിയത്. ശാമ അയാളോട് എപ്പോഴാണ് ബാബയുടെ

പടം കിട്ടിയതെന്ന് ചോദിച്ചു. അയാൾക്ക് 200, 300 ഏജന്റുമാർ മാൻമാഡ് മുതലായ സ്ഥലങ്ങളിലുണ്ടെന്നും അവരിൽ നിന്നും ബാബയുടെ പ്രശസ്തി കേൾക്കാനിടയായെന്നും അയാൾ പറഞ്ഞു. അങ്ങനെ പന്ത്രണ്ടു കൊല്ലങ്ങൾക്ക് മുമ്പ് അയാൾ ഷിർദ്ദിയിൽ പോയി ബാബയെ ദർശിച്ചു. അവിടുന്ന് ശാമയുടെ വീട്ടിൽ ഉണ്ടായിരുന്ന ബാബയുടെ പടം അയാൾ ആവശ്യപ്പെട്ടപ്പോൾ ബാബയുടെ അനുമതിയോടുകൂടി ശാമ അതായാൾക്കു കൊടുത്തു. ഇത് ആ പടമാണ്. ശാമ അപ്പോൾ ആ സംഭവം ഓർമ്മിച്ചു. ഗയാവാലക്ക്, ഇത് പണ്ട് തനിക്ക് അങ്ങനെ ഉപകരിച്ച ശാമ തന്നെയാണ് ഇപ്പോൾ വന്ന അതിഥി എന്നറിഞ്ഞ് അത്യധികം സന്തോഷമായി. അവർ അന്യോന്യം കുശലവും സ്നേഹാന്വേഷണവും നടത്തി. വളരെ സന്തുഷ്ടരായി. ഗയാവാല ഒരു ഗംഭീരവും രാജോചിതവുമായ സ്വീകരണം തന്നെ കൊടുത്തു. അയാൾ വളരെ ധനികനായിരുന്നു. അയാൾ ഒരു പല്ലക്കിലേറി ശാമയെ ആനപ്പുറത്തിരുത്തിയുംകൊണ്ടാണ് യാത്ര ചെയ്തത്. ശാമയുടെ എല്ലാ സൗകര്യങ്ങളിലും അയാൾ ശ്രദ്ധിച്ചു.

ഈ കഥയുടെ ഗുണപാഠം ഇതാണ്. ബാബയുടെ വാക്കുകൾ ശരിയായെന്നു മാത്രമല്ല ബാബയുടെ ഭക്തന്മാരോടുള്ള പ്രേമം അപാരമാണ്. ഇതുമാത്രമല്ല, ബാബ എല്ലാ ജീവികളോയും സ്നേഹിച്ചു അടുത്ത കഥ അത് വിവരിക്കും.

**രണ്ട് കോലാടുകൾ**

ബാബ ഒരിക്കൽ ലെണ്ടിയിൽ നിന്ന് മടങ്ങിവരുമ്പോൾ ഒരു ആട്ടിൻകൂട്ടത്തെ കണ്ടു. രണ്ടാടുകളിൽ ബാബയുടെ ശ്രദ്ധ പതിഞ്ഞു. ബാബ അവയുടെ അടുക്കൽ ചെന്ന് അവയെ പിടിച്ച്

തലോടി 32 ക. വിലകൊടുത്ത് അവയെ വാങ്ങി. ഭക്തന്മാർ, ബാബ ചെയ്തതുകണ്ട് അതിശയിച്ചു. അവർ, ബാബയെ പറ്റിച്ചതാണെന്നും രണ്ടാടുകൾക്കുംകൂടി നാലോ ആറോ എട്ടോ ഉറുപ്പികയിലധികം വിലവരില്ലെന്നും പറഞ്ഞു. ബാബയോടിങ്ങനെ അവർ പറഞ്ഞപ്പോൾ ബാബ മിണ്ടാതിരുന്നു. ശാമയും താത്ത്യാക്കോട്ടെയും ബാബയോട് ഒരു വിശദീകരണം ആവശ്യപ്പെട്ടു. സായിബാബ തനിക്ക് പണം സൂക്ഷിക്കേണ്ടതില്ലെന്നും വീടോ കുടംബമോനോക്കേണ്ടതില്ലെന്നും പറഞ്ഞു. ബാബ അവരോട് തന്റെ ചിലവിൽ 4 സേറ് പരിപ്പ് വാങ്ങി ആടുകൾക്ക് കൊടുക്കാൻ പറഞ്ഞു. ഇതിന്ന് ശേഷം ആടുകളെ മടക്കികൊടുത്ത് താഴെ കാണുന്ന വിശദീകരണങ്ങളും ഓർമ്മകളും പറഞ്ഞു.

"ഓ, ശാമയും താത്ത്യയും എന്നെ ഈ കച്ചവടത്തിൽ കബളിപ്പിച്ച താണെന്നു കരുതി ! അല്ല. അവയുടെ കഥ കേൾക്കുവിൻ. മുൻജന്മത്തിൽ അവർ മനുഷ്യരായിരുന്നു. അവർക്ക് എന്റെ തുണക്കാരായി എന്റെ കൂടെ ഇരിക്കാനുള്ള ഭാഗ്യം കിട്ടി അവർ സഹോദരന്മാരായിരുന്നു. ആദ്യം വളരെ സ്നേഹിച്ചിരുന്ന അവർ രണ്ടുപേരും ക്രമേണ ശത്രുക്കാളായി. മൂത്തവൻ മടിയനും രണ്ടാമത്തവൻ സമർത്ഥനുമായിരുന്നു. രണ്ടാമത്തവൻ കുറെ പണമുണ്ടാക്കി. മൂത്തവൻ ദുരാഗ്രഹംകൊണ്ട് അനുജനെ കൊന്ന് പണമെടുക്കാൻ തീർച്ചയാക്കി. അവർ ബന്ധം മറന്ന് കലഹിച്ചു. മൂത്തവൻ ഒരു ദണ്ഡുകൊണ്ട് ഇളയവന്റെ നെറികിലടിച്ചു. അനുജൻ അപ്പോൾതന്നെ ജ്യേഷ്ഠനെ മഴുകൊണ്ട് വെട്ടുകയും ചെയ്തു. രണ്ടു പേരും ചത്തുവീണു. അവരുടെ കർമ്മഫലം കൊണ്ട് ആടുകളായി വീണ്ടും ജനിച്ചു. അവ എന്റെ അടുത്തു കൂടി പോയപ്പോൾ ഞാൻ പെട്ടെന്ന് തിരിച്ചറിഞ്ഞു. അവരുടെ പൂർവ്വകഥ മനസ്സിലാക്കി. അവരെ കണ്ടപ്പോൾ എനിക്കവർക്ക്

ഭക്ഷണവും സമാധാനവും വിശ്രമവും കൊടുക്കണമെന്ന് തോന്നി. അതിന്നാണ് ഞാനീ പണം മുഴുവൻ ചിലവാക്കിയത്. അതിനാണ് നിങ്ങൾ എന്നെ പഴിക്കുന്നത്. ഈ കച്ചവടം നിങ്ങൾക്കിഷ്ടപ്പെടാത്തതുകൊണ്ട് ഞാൻ അവയെ ഇടയനു തന്നെ മടക്കികൊടുത്തു". സായിക്ക് കോലാടുകളോടുള്ള സ്നേഹം ആ വിധത്തിലായിരുന്നു.

ശ്രീ സായിയെ നയമിക്കുവിൻ ലോകശാന്തി ഭവിക്കട്ടെ !